2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യോത്തരങ്ങൾ

ചെറുകിട ജലവൈദ്യുത പദ്ധതികൾ

3 (*330) ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതി ആരംഭിക്കുന്നതിനുള്ള എത്ര പ്രോജക്ടുകൾ ഗവൺമെന്റിന്റെ പക്കൽ ഉണ്ട് ;

(ബി) ഈ പ്രോജക്ടുകൾ പൂർത്തിയാക്കിയാൽ എത്ര യൂണിറ്റ് വൈദ്യുതി കൂടുതലായി ലഭിക്കും ;

(സി) ഇപ്രകാരം ലഭിക്കുന്ന വൈദ്യുതിയുടെ ഉൽപ്പാദന ചെലവ് എത്രയായിരിക്കുമെന്ന് വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത പ്രോജക്ടുകൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) 100 പദ്ധതികൾ ഉണ്ട്.

(ബി) ഏകദേശം 389.84 മെഗാവാട്ടിന്റെ അധിക സ്ഥാപിത ശേഷിയും വാർഷിക ഉൽപ്പാദന ശേഷിയിൽ ഏകദേശം 950 മില്യൻ യൂണിറ്റ് വർദ്ധനവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഓരോ പദ്ധതിയുടേയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ ഉൽപ്പാദന ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളു.

(ഡി) പദ്ധതികളുടെ സാങ്കേതിക സാമ്പത്തിക സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏകദേശം ഒന്നര വർഷവും നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2 മുതൽ 3 വർഷം വരേയും വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കുന്നതിന് നടപടി

4 (*331) ശ്രീ. വി. കെ. സി. മമ്മത്കോയ :
ഡോ. തോമസ് ഐസക് :
ശ്രീ. സാജു പോൾ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔട്ട് ബോർഡ് മോട്ടോറുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യം അനുസരിച്ച് മണ്ണെണ്ണ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) കേന്ദ്രസർക്കാർ കേരളത്തിനു നൽകികൊണ്ടിരിക്കുന്ന മണ്ണെണ്ണ അലോട്ടുമെന്റിൽ കുറവ് വരുത്തിയതുമൂലം മത്സ്യത്തൊഴിലാളികൾക്ക് ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്നുണ്ടോ ; എങ്കിൽ ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് എത്ര രൂപ സബ്സിഡിയായി നൽകുന്നുണ്ട് ; ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് ഓപ്പൺ മാർക്കറ്റിലെ വില എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഔട്ട്ബോർഡ് മോട്ടോറുകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പൊതുവിതരണ ശൃംഖല മുഖാന്തിരം റേഷൻ വിലയ്ക്ക് മണ്ണെണ്ണ ലഭ്യമാക്കുന്നതിന് പെർമിറ്റ് അനുവദിക്കുന്നതും അതു പ്രകാരം മണ്ണെണ്ണ സപ്ലൈ ചെയ്യുന്നതും സിവിൽ സപ്ലൈസ് വകുപ്പാണ്. സിവിൽ സപ്ലൈസ് വകുപ്പ്, മത്സ്യഫെഡ്, ഫിഷറീസ് വകുപ്പ് എന്നിവയിലുള്ള ഉദ്യോഗസ്ഥന്മാർ സംയുക്തമായി മത്സ്യത്തൊഴിലാളികളുടെ എഞ്ചിനുകൾ കേരളത്തിലുടനീളം ഒരേദിവസം പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്യുന്ന എഞ്ചിനുകൾക്കുവേണ്ടി സിവിൽ സപ്ലൈസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് പെർമിറ്റ് അനുവദിക്കുകയും അതുപ്രകാരം മണ്ണെണ്ണ നൽകുകയും ചെയ്യുന്നു. നിലവിൽ പെർമിറ്റ് പ്രകാരം അനുവദിച്ചിട്ടുള്ള മണ്ണെണ്ണയുടെ 50–60 ശതമാനം മാത്രമാണ് മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസ് വകുപ്പ് വിതരണം ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) ഉണ്ട്. മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് പ്രകാരം പൊതുവിതരണ ശൃംഖല വഴി സിവിൽ സപ്ലൈസ് വകുപ്പ് സപ്ലൈ ചെയ്യുന്ന മണ്ണെണ്ണ റേഷൻ വിലയ്ക്കാണ് നൽകുന്നത്. (ലിറ്ററിന് 9.50 മുതൽ 9.70 രൂപ വരെ) റേഷൻ മണ്ണെണ്ണയ്ക്ക് നിലവിലുള്ള സബ്സിഡി 40.58 ശതമാനമാണ്. കടലോരമേഖലയിൽ മത്സ്യത്തൊഴിലാളികൾ പൊതു മാർക്കറ്റിൽനിന്നും വാങ്ങി ഉപയോഗിക്കുന്ന വെള്ള മണ്ണെണ്ണയുടെ വില ലിറ്ററിന് 16 മുതൽ 20 രൂപ വരെയാണ്.

LIBRARY ARCHIVES Kerala Legislative Assembly